പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1191

29.09.2011-ൽ മറുപടിയ്ക്ക്

## കോട്ടപ്പുറം നീലേശ്വരം ആയിക്കി-ഇടയിലക്കാട് ടൂറിസം റോഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| ടൂറിസം പദ്ധതിയിൽപ്പെടുത്തി 7 കോടിയോളം രൂപ അനുവദിച്ച് ടെണ്ടർ കഴിഞ്ഞ കോട്ടപ്പുറം നീലേശ്വരം ആയിക്കി-ഇടയിലക്കാട് ടൂറിസം റോഡ് പണി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | മലബാർ പാക്കേജ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ഈ റോഡ് പ്രവൃത്തിയിൽ 13.290 കി.മി റോഡ് BM&BC ചെയ്യുവാനും, കലുങ്കുകൾ, വശങ്ങളിൽ കോൺക്രീറ്റ് ഓവ് ചാൽ, പാർശ്വ സംരക്ഷണ ഭിത്തി എന്നിവ നിർമ്മിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കൊച്ചിക്ക് 12.10.2010ൽ കരാർ നൽകി സൈറ്റ് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്ക് വേണ്ടുന്ന പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുവാനുണ്ടായ താമസം ഓവുചാൽ നിർമ്മാണത്തിന് തടസ്സമായിട്ടുണ്ട്. ഇപ്പോൾ കൾവർട്ടിന്റെ പ്രവൃത്തി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ